# യോഹന്നാന്റെ ജീവപഠനം

## ദൂത് ഇരുപത്തിനാല്

## മരിച്ചവരുടെ ആവശ്യം–ജീവന്റെ പുനരുത്ഥാനം

## (2)

യോഹന്നാന്റെ സുവിശേഷത്തിലെ അടയാളങ്ങൾ പരിഗണിച്ചാൽ, കർത്താവ് ഒന്നാമതായി നമ്മിലേക്ക് വരുന്നത് ജീവനായാണ് എന്നു നമുക്ക് മനസ്സിലാക്കാം. അവൻ നേരിട്ട തടസ്സങ്ങളുടെ ആദ്യത്തെ ഇനം യെഹൂദമതത്തിൽനിന്നും രണ്ടാമത്തെ ഇനം അവനെ സ്നേഹിച്ചവർ വച്ചുപുലർത്തിയ മാനുഷികാഭിപ്രായങ്ങളിൽനിന്നും ആയിരുന്നു. മാനുഷികാഭിപ്രായങ്ങളുടെ തടസ്സം അവന്റെ സഭയിൽ ഇന്നുള്ളതുപോലെതന്നെയാണ്. കർത്താവിനെ ഏറ്റവും അധികം സ്നേഹിക്കുന്നവരുടെ എണ്ണമറ്റ അഭിപ്രായങ്ങൾ സഭയിൽ പുനരുത്ഥാന ജീവനായിരിക്കുന്നതിൽനിന്ന് കർത്താവിനെ തടസ്സപ്പെടുത്തുന്നു. സഭയ്ക്കു പുറത്ത് ജീവൻ ആയിരിക്കുന്നതിൽനിന്ന് കർത്താവിനെ തടസ്സപ്പെടുത്തുന്നത് മതമാണ്. എന്നാൽ സഭക്കുള്ളിൽ നമ്മുടെ ജീവൻ ആയിരിക്കുന്നതിൽനിന്ന് അവനെ തടസ്സപ്പെടുത്തുന്നത് എണ്ണമറ്റ അഭിപ്രായങ്ങളാണ്.

കർത്താവ് ജീവനായിരിക്കുന്നത് വീണ്ടുംജനനത്തോടുകൂടെ ആരംഭിക്കുകയും പുനരുത്ഥാനത്തോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു എന്ന് കാണിക്കുന്നതുകൊണ്ട് ഈ ഒമ്പത് സംഭവങ്ങളും വളരെ അർത്ഥവത്താണ്. അനേക വ്യത്യസ്ത വശങ്ങളിൽ ജീവനായാണ് കർത്താവ് നമ്മിലേക്ക് വരുന്നതെന്ന് സൂചിപ്പിക്കുന്ന ഈ സംഭവങ്ങളെല്ലാം അടയാളങ്ങളാണ്. നമ്മുടെ ജീവനായി കർത്താവിനെ അനുഭവിക്കുന്നത് വീണ്ടുംജനനത്തിൽ ആരംഭിക്കുകയും പുനരുത്ഥാനത്തോടുകൂടെ ഉച്ചസ്ഥിതിയിൽ എത്തുകയും ചെയ്യുന്നു.

“ഞാൻ പുനരുത്ഥാനവും ജീവനും ആകുന്നു”(11:25) എന്ന് കർത്താവായ യേശു പറഞ്ഞു. പുനരുത്ഥാനം ജീവനെക്കാൾ ഉത്കൃഷ്ടമാണ്.

ജീവന് സ്വതേ നിലനിൽക്കുവാനേ കഴിയുകയുള്ളൂ, എന്നാൽ പുന രുത്ഥാനത്തിന് ഏത് തരത്തിലുള്ള ആക്രമണത്തെയും മരണത്തിന്റെ ആക്രമണത്തെപ്പോലും, ചെറുത്തുനില്ക്കുവാൻ കഴിയും. കർത്താവ് ജീവൻ മാത്രമല്ല, അവൻ പുനരുത്ഥാനവും ആകുന്നു. മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിയുകയില്ല, കാരണം അവന് മര ണത്തെ പിടിച്ചടക്കുവാൻ കഴിയും. മരണത്തിന് അവനെ വച്ചുകൊ ണ്ടിരിക്കുവാൻ കഴിയുകയില്ല, കാരണം അവൻ ജീവൻ മാത്ര മല്ല-അവൻ പുനരുത്ഥാനവും ആണ്. നിലനിൽക്കുവാനുള്ള ശക്തി യാണ് ജീവൻ, എന്നാൽ ജീവന് എതിരായിട്ടുള്ള എല്ലാറ്റിനെയും പിടിച്ചടക്കുന്ന ശക്തിയാണ് പുനരുത്ഥാനം. അതുകൊണ്ട്, ജീവന് എതിരായ എല്ലാ ആക്രമണത്തെയും പുനരുത്ഥാനത്തിന് തോൽപ്പി ക്കുവാൻ കഴിയും എന്നതിനാൽ അത് ജീവനെക്കാൾ ശ്രേഷ്ഠമാണ്.

തിരുവെഴുത്തുകൾ അനുസരിച്ച്, മരണം ഒരു വലിയ ശക്തിയാ ണ്. ഒരു മനുഷ്യൻ മരണത്തെ യാദൃശ്ചികമായി കണ്ടുമുട്ടുമ്പോൾ, അവന് അതിൽനിന്ന് രക്ഷപ്പെടുവാൻ കഴിയുകയില്ല. അണുശക്തി ക്കുപോലും മരണത്തെ ജയിക്കുവാൻ കഴിയുകയില്ല. പുനരുത്ഥാന മായ, കർത്താവിനു മാത്രമേ മരണത്തെ തോൽപ്പിക്കുവാൻ കഴിയുക യുള്ളൂ. മരിച്ച വ്യക്തികളെയെല്ലാം മരണത്തിൽനിന്ന് വിടുവിക്കുവാൻ അവനു കഴിയും, കാരണം അവൻ ജീവൻ മാത്രമല്ല, പുനരുത്ഥാനവു മാണ്. അവൻ പുനരുത്ഥാനമായതിനാൽ അവന് മരണത്തിന്റെ ശക്തിയെ തകർക്കുവാൻ കഴിയും. പാതാളത്തിനുപോലും നമ്മുടെ കർത്താവിനെ കല്ലറയിൽ ഒതുക്കുവാൻ കഴിയുകയില്ല.

ഈ പുനരുത്ഥാനജീവൻ ദിനംതോറും എങ്ങനെ പ്രയോഗിക്കണ മെന്ന് നാം പഠിക്കണം. നാം ജീവനായ കർത്താവിനാൽ ജീവിക്കുക മാത്രമല്ല, പുനരുത്ഥാനമായ കർത്താവ് നമ്മെ കീഴടക്കുകയും ചെയ്യണം. പലപ്പോഴും നമ്മുടെ സാഹചര്യങ്ങൾ മരണംപോലെ നമ്മെ ബാധിക്കുന്നു. മരണത്തിന്റെ സ്പർശനം അടങ്ങിയ എല്ലാ കാര്യങ്ങളും ഒരു പരിശോധനയായതിനാൽ കർത്താവിന് സ്തോത്രം; കാരണം ഈ കാര്യങ്ങൾ കർത്താവ് പുനരുത്ഥാനമാണോ അല്ലയോ എന്ന് തെളിയിക്കുന്നു. ഒന്നിനും നമ്മെ ഒതുക്കുവാൻ കഴിയുകയില്ല; കാരണം നമുക്ക് നമ്മുടെ പുനരുത്ഥാനജീവനായി കർത്താവുണ്ട്. നമുക്ക് പുനരുത്ഥാനജീവൻ ഉള്ളതുകൊണ്ട് നാം സഹിച്ചുകൊണ്ടി രിക്കുന്ന സമ്മർദ്ദം അഥവാ വിഷമം എന്തുതന്നെയായാലും നമുക്ക തിനെ നേരിടുവാൻ കഴിയും. 11:25 പ്രകാരം നാം മരിക്കുകയില്ല എന്ന് കർത്താവ് പറഞ്ഞില്ല, എന്നാൽ നാം വിശ്വസിക്കുന്ന കർത്താവ് പുന രുത്ഥാനമാണെന്ന് മുഴുവൻ പ്രപഞ്ചത്തിനും നാം തെളിയിച്ചുകൊ ടുക്കും! നമ്മെ സ്ഥിരമായി മരണത്തിൽ ആക്കി വയ്ക്കുവാൻ സാത്താൻ പരമാവധി ശ്രമിക്കും. ഒരു ദിവസം നാമെല്ലാവരും മരി ക്കുമെങ്കിലും നാമെല്ലാവരും പുനരുത്ഥാനം ചെയ്യും. പ്രപഞ്ചത്തിലു

ടനീളം ഏറ്റവും വലിയ വിജയം, കർത്താവ് പുനരുത്ഥാനമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന വിജയം, ഇതായിരിക്കും. എന്നിരുന്നാലും, നമ്മുടെ ദൈനംദിന ജീവിതത്തിൽപോലും നമുക്ക് ആ പുനരുത്ഥാനത്തിന്റെ ആത്യന്തികമായ വിജയത്തിന്റെ മുൻരുചി ഉണ്ടായിരിക്കാം. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ്,"അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും.........അനുഭവിച്ചറിയേണ്ടതിനും"എന്ന് പറഞ്ഞത്(ഫിലി.3:10).

സഭയിൽ കർത്താവിനെ പുനരുത്ഥാനജീവനായി അനുഭവിക്കുന്ന രീതിയിലല്ല എല്ലായ്പ്പോഴും മാനുഷികാഭിപ്രായം. അതുകൊണ്ട് സഭാജീവിതം സാദ്ധ്യമാകുന്നതിനു മുമ്പ് മാനുഷികാഭിപ്രായം ഉപേക്ഷിക്കണം. നമ്മുടെ അഭിപ്രായം പ്രസ്താവിക്കുന്നതിനു പകരം സഭയിൽ നിശബ്ദനായിരിക്കുവാനുള്ള പാഠം നാം പഠിക്കേണ്ടത് എത്രമാത്രം ആവശ്യമാണ്! നാം മറിയയെക്കാളും ശാന്തരായിരിക്കണം. നാം ഒരുവാക്കും പറയരുത്. നാം കർത്താവിന് ഒരു സന്ദേശമയക്കുക മാത്രം ചെയ്യുക- അത്രമാത്രം. അപ്പോൾ ലാസർ രക്ഷിക്കപ്പെടും. കർത്താവ് മറുപടി തന്നാലും ഇല്ലെങ്കിലും, അവൻ വന്നാലും ഇല്ലെങ്കിലും, നാം ശാന്തരാണ്. നാം കാര്യം പൂർണ്ണമായി കർത്താവിന്റെ കരങ്ങളിൽ ഏൽപ്പിക്കുകമാത്രം ചെയ്യുക. അപ്പോൾ നാം ഒരിക്കലും തെറ്റിപ്പോകുകയില്ല. അവൻ ഒരിക്കലും വൈകിപ്പോകുകയും ഇല്ല. അവൻ വരുമ്പോൾ നാം ഒരു വാക്കും പറയരുത്. നാം അവനെ സംസാരിക്കുവാൻ അനുവദിക്കുകയും, അവൻ ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ അവന് അവസരം നൽകുകയും മാത്രം ചെയ്യുക. അവനോട് സഹകരിക്കുവാൻ നാം തുറന്ന മനസ്സുള്ളവരായിരിക്കുകമാത്രം വേണം. സഭാജീവിതത്തിൽ ആയിരിക്കേണ്ടതിന്റെ ശരിയായ മാർഗ്ഗം ഇതാണ്. നാം ഇത് ചെയ്യുന്നുവെങ്കിൽ നാം ക്രിസ്തുവിനെ പുനരുത്ഥാനജീവനായി അനുഭവിക്കും.

യോഹന്നാനിലെ ഈ അദ്ധ്യായം സഭാജീവിതത്തോട് ബന്ധപ്പെടുത്തുമ്പോൾ, അത് വളരെ അർത്ഥവത്താണ്. പുനരുത്ഥാനജീവനായി സഭയിലേക്ക് വരുന്നവൻ കർത്താവാണ്; എന്നാൽ രണ്ട് തരത്തിൽപെട്ട തടസ്സങ്ങളുണ്ട്. ഒന്ന് മതവും മറ്റേത് മാനുഷികാഭിപ്രായവും ആണ്. ജീവൻ ഉളവാക്കുക എന്ന കർത്താവിന്റെ ഉദ്ദേശ്യത്തിന് മതം എന്ന നിലയിൽ ക്രിസ്തുമതംപോലും തികച്ചും ഒരു തടസ്സമാണ്. ഇന്ന്, ഒരു മതം എന്ന നിലയിൽ ക്രിസ്തുമതം ഉപേക്ഷിച്ച ക്രിസ്ത്യാനികളുടെ സ്വതന്ത്രകൂട്ടങ്ങൾ എന്നു വിളിക്കപ്പെടുന്നവ അനേകമുണ്ട്. അവർ വിഭാഗങ്ങളിൽനിന്നും, മറ്റുള്ള ക്രിസ്തീയ സംഘടനകളിൽനിന്നും പുറത്തുവന്നിരിക്കുന്നു. എന്നിരുന്നാലും, ഈ സ്വതന്ത്രകൂട്ടങ്ങളുടെ ഇടയിലുള്ള മാനുഷികാഭിപ്രായങ്ങൾ എത്രയോ അന്തമില്ലാത്തതാണ്! മതം എന്ന പോലുള്ള യാതൊന്നും അവരുടെ ഇടയിൽ ഇല്ലായിരിക്കാമെങ്കിലും, അവരുടേതായ എന്തുമാത്രം മാനു

ഷികാഭിപ്രായങ്ങൾ കർത്താവിന്റെ മാർഗ്ഗത്തിൽ തടസ്സമായി നിൽക്കുന്നു! അതുകൊണ്ട്, ക്രിസ്തീയമതം ഉപേക്ഷിക്കുക എന്നതു മാത്രമല്ല, നമ്മുടെതന്നെ അഭിപ്രായങ്ങൾ ഉപേക്ഷിക്കുക എന്ന പാഠവും നാം പഠിക്കണം. അപ്പോൾ കർത്താവിന്, നമ്മുടെ ഇടയിൽ പൂർണ്ണ സ്വാതന്ത്ര്യം നാം പ്രദാനം ചെയ്യും. കർത്താവിന് അവനെ ത്തന്നെ ആവിഷ്കരിക്കുവാൻ കഴിഞ്ഞാൽ, കർത്താവിന് ജീവനുള്ള സഭയുണ്ടാകും. നമ്മുടെ ജീവനായ കർത്താവിന്റെ ഒഴുക്കിനുള്ള രണ്ടു പ്രധാന തടസ്സങ്ങൾ മതവും അഭിപ്രായവും ആണ് എന്ന് നമുക്ക് ഓർത്തിരിക്കാം.

ഈ അവസാന സംഭവത്തിലേക്ക് കൂടുതൽ കടക്കുന്നതിനു മുമ്പ്, നമുക്കൊരു തത്ത്വം കണ്ടുപിടിക്കേണ്ടതുണ്ട്. വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്നതാണ് ആദ്യത്തെ അടയാളമെന്ന് രണ്ടാം അദ്ധ്യായത്തിൽ നാം കണ്ടു. രാജകീയ ഉദ്യോഗസ്ഥന്റെ മരിച്ചുകൊണ്ടിരുന്ന മകനെ ജീവി പ്പിക്കുന്നതാണ് നാലാം അദ്ധ്യായത്തിലുള്ള രണ്ടാമത്തെ അടയാളം. നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുവാൻ കർത്താവായ യേശുവിനെ ജീവനാക്കുക മാത്രമാണ് ഈ സുവിശേഷത്തിൽ പരിശുദ്ധാത്മാവിന്റെ ഉദ്ദേശ്യമെന്ന് നാം പലപ്പോഴും പറഞ്ഞിട്ടുണ്ട്. മരണത്തിൽനിന്നുള്ള ജീവന്റെ തത്ത്വമാണ് രണ്ടും നാലും അദ്ധ്യായങ്ങളിലുള്ള ഈ രണ്ട് അടയാളങ്ങളും വെളിപ്പെടുത്തുന്നത്. ഒമ്പത് സംഭവങ്ങളിലും, എല്ലാ മാനുഷികാവശ്യങ്ങളും നിറവേറ്റുന്നതായ മണ്ഡലത്തിലുള്ള ജീവന്റെ തത്ത്വമുണ്ട്. വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്നത് “അടയാളങ്ങളുടെ ആരംഭം”ആയത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ നമുക്ക് മനസ്സിലാ ക്കുവാൻ കഴിയും. മരണത്തിൽനിന്ന് ജീവൻ പുറത്തുകൊണ്ടുവ രുന്നതായ ഏറ്റവും പ്രധാന തത്ത്വം അതിലുണ്ട്. ഒൻപത് സംഭവങ്ങ ളിലുമുള്ള അടിസ്ഥാന തത്ത്വം ഇതാണ്. എല്ലാ സംഭവങ്ങളിലും മര ണത്തെ സൂചിപ്പിക്കുന്ന വെള്ളമല്ലാതെ മറ്റൊന്നുമില്ല. നാം ആയിരി ക്കുന്നതെല്ലാം, നമുക്കുള്ളതെല്ലാം, മരണജലമല്ലാതെ മറ്റൊന്നുമല്ല. അതായത്, നാം മരണജലത്തിലധികമായി യാതൊന്നുമല്ല; നമുക്ക് മരണജലമല്ലാതെ മറ്റൊന്നും ഇല്ല.

ഓരോ സംഭവത്തിലുമുള്ള ജനത്തിന്റെ അവസ്ഥ നിങ്ങൾ പരി ശോധിക്കുകയാണെങ്കിൽ, ഓരോന്നിലും മരണമല്ലാതെ അവർക്ക് മറ്റൊന്നും ഉണ്ടായിരുന്നില്ല എന്ന് നിങ്ങൾ കണ്ടെത്തും. നിക്കോദേ മൊസ് എന്ന് പേരുള്ള മനുഷ്യനെ നോക്കൂ. അവന് മരണജലമല്ലാതെ യാതൊന്നുമുണ്ടായിരുന്നില്ല. ശമര്യക്കാരി സ്ത്രീയെ നോക്കൂ. അവ ളുടെ ദാഹത്തിന്റെ അർത്ഥം അവൾ മരണഭീഷണിയുടെ കീഴിലായി രുന്നു എന്നാണ്. രാജകീയ ഉദ്യോഗസ്ഥന്റെ മരിച്ചുകൊണ്ടിരുന്ന മകനെ നോക്കൂ. അവൻ മരണത്തിന്റെ ക്രൂരതയുടെ കീഴിലായിരുന്നു. മുപ്പത്തെട്ട് വർഷമായി രോഗിയായിരുന്ന മനുഷ്യനെ നോക്കുക.

അവന് എന്തുണ്ടായിരുന്നു? മരണം. കർത്താവിനാൽ പോഷിപ്പിക്കപ്പെടുന്നതിന് മുമ്പുള്ള ജനക്കൂട്ടത്തെ നോക്കുക. അവർ വിശപ്പുള്ളവരായിരുന്നു. കാരണം അവർക്ക് മരണജലമല്ലാതെ മാറ്റൊന്നുമുണ്ടായിരുന്നില്ല. ദാഹിക്കുന്ന മതാനുസാരികളെ നോക്കൂ. വ്യർത്ഥതയോടെ അവസാനിച്ച അവരുടെ ഉത്സവം മരണത്തെക്കുറിച്ച് സംസാരിച്ചു. പരീശന്മാർ കർത്താവിന്റെയടുത്ത് കൊണ്ടുവന്ന പാപിയായ സ്ത്രീയെ നോക്കു. അവൾക്കും മരണജലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആത്മീയമായി പറഞ്ഞാൽ, അന്ധനായ മനുഷ്യനുപോലും മരണം മാത്രമേ ഉണ്ടായിരുന്നുള്ളു. ലാസറും മരണത്തിന്റെ നാറ്റം വമിപ്പിച്ചിരുന്നു. ഈ ഒമ്പത് സംഭവങ്ങളിൽ ഉൾപ്പെട്ടിരുന്ന ആളുകൾക്കെല്ലാം മരണജലമല്ലാതെ യാതൊന്നും ഉണ്ടായിരുന്നില്ല. രണ്ടാം അദ്ധ്യായം അനുസരിച്ച് മനുഷ്യത്വത്തിന്റെ ഒരു പ്രതീകമായ ആറ് കൽഭരണികൾ വക്കോളം മരണജലംകൊണ്ട് നിറഞ്ഞിരുന്നു. അതുപോലെ, എല്ലാ സംഭവങ്ങളിലെയും എല്ലാ വ്യക്തികളും മരണംകൊണ്ട് നിറഞ്ഞിരുന്നു. ഓരോ സംഭവത്തിലും മരണം വെളിപ്പെട്ടിരിക്കുന്നു.

എന്നാലും, പുനരുത്ഥാനത്തിന്റെ തത്ത്വത്തിൽ ജീവൻ ആയിരിക്കുവാൻ ഈ മരണസാഹചര്യങ്ങളിലേക്ക് കർത്താവ് വന്നു. അവൻ ഓരോ സാഹചര്യത്തിലെയും മരണത്തെ ജീവനിലേക്ക് തിരിക്കുകയും മരണത്തിൽനിന്ന് ജീവനെ ഉളവാക്കുകയും ചെയ്തു.

പുനരുത്ഥാനത്തിലുള്ള ജീവന്റെ ഈ തത്ത്വം എല്ലാ സംഭവങ്ങളിലും നമുക്ക് പ്രയോഗിക്കാം. ഒന്നാമത്, കർത്താവ് നിക്കോദേമൊസ്സിനോട് വീണ്ടുംജനനത്തെക്കുറിച്ച് സംസാരിച്ചു. വീണ്ടുംജനനത്തിന്റെ തത്ത്വം എന്താണെന്ന് നിങ്ങൾക്കറിയാമോ? പുനരുത്ഥാനത്തിൽ നമ്മുടെ ജീവൻ ആയി കർത്താവ് വരേണ്ടിയിരിക്കുന്നു എന്നു മാത്രമാണ് വീണ്ടുംജനനത്തിന്റെ അർത്ഥം. കർത്താവിന് എങ്ങനെ ജനത്തെ വീണ്ടുംജനിപ്പിക്കുവാൻ അഥവാ അവരെ പുതുതായി ജനിക്കുന്നതിന് ഇടയാക്കുവാൻ കഴിയും? പുനരുത്ഥാനത്തിന്റെ തത്ത്വത്തിൽ അവരുടെ ജീവൻ ആയിരിക്കുന്നതിനാൽ മാത്രം.

ശമര്യക്കാരി സ്ത്രീയുടെ കാര്യത്തിൽ കർത്താവ് അവളുമായി ജീവജലത്തിന്റെ സംതൃപ്തിയെക്കുറിച്ച് സംസാരിച്ചു. ഒരു പാവപ്പെട്ട പാപി എങ്ങനെ ജീവജലത്താൽ തൃപ്തയാകും? പുനരുത്ഥാനത്തിലുള്ള ജീവന്റെ തത്ത്വത്താൽ മാത്രം. പുനരുത്ഥാനത്തിലുള്ള ജീവനായി കർത്താവ് നമ്മിലേക്ക് വരുമ്പോൾ, നമ്മെ തൃപ്തരാക്കുന്ന ജീവജലം നമുക്ക് ലഭിക്കും.

തത്ത്വത്തിൽ, രാജകീയ ഉദ്യോഗസ്ഥന്റെ മരിച്ചുകൊണ്ടിരുന്ന മകന്റെ സൗഖ്യത്തിന്റെയും അർത്ഥം ജീവൻ അവനിലേക്ക് പകർന്നു എന്നതാണ്. മരണമുറിവ് സൗഖ്യമാകുന്നതിന് പുനരുത്ഥാനത്തിലുള്ള ജീവന്റെ പകർച്ച ആവശ്യമായിരുന്നു.

മുപ്പത്തെട്ട് വർഷമായി രോഗിയായിരുന്ന തളർന്ന മനുഷ്യന് എന്ത് സംഭവിച്ചു? വീണ്ടും തത്ത്വം അതുതന്നെയാണ്, കാരണം പുനരുത്ഥാനത്തിൽ ചൈതന്യവത്ക്കരിക്കുന്ന ജീവനായി കർത്താവ് അവനിലേക്ക് വന്നു. പുനരുത്ഥാനത്തിൽ അവന്റെ ജീവനായിരിക്കുവാൻ കർത്താവ് വന്നതുകൊണ്ട്, അവനെ ശക്തീകരിക്കുവാൻ കർത്താവ് ചൈതന്യവത്ക്കരിക്കുന്ന ശക്തി ആയിത്തീർന്നു.

വിശന്ന ജനക്കൂട്ടത്തിന്റെ കാര്യത്തിൽ, കർത്താവ് അവർക്ക് ജീവന്റെ അപ്പമായി വന്നു. കർത്താവ് മരിച്ച് ഉയിർത്തില്ലായിരുന്നുവെങ്കിൽ, അവന് ഒരിക്കലും നമ്മുടെ ജീവനുള്ള അപ്പമായിരിക്കുവാൻ കഴിയുകയില്ലായിരുന്നു. ക്രൂശിന്മേൽ അറുക്കപ്പെട്ട് അവൻ മരിച്ചതുകൊണ്ടും പുനരുത്ഥാനജീവന്റെ ശക്തിയിൽ ഉയിർത്തതുകൊണ്ടും അവന് ജീവനുള്ള അപ്പംകൊണ്ട് നമ്മെ പോഷിപ്പിക്കുവാനും തൃപ്തരാക്കുവാനും കഴിയും. അവനാലും അവനെക്കൊണ്ടും നമുക്ക് പോഷണം പ്രാപിക്കുവാൻ കഴിയും. ഇതും പുനരുത്ഥാനത്തിലുള്ള ജീവന്റെ തത്ത്വമാണ്.

ഏഴാം അദ്ധ്യായത്തിലെ ദാഹിക്കുന്ന ജനത്തിന്റെ കാര്യത്തിൽ, കർത്താവ് അവരുടെ ദാഹം ശമിപ്പിക്കുവാനുള്ള ജീവനുള്ള വെള്ളമായിരുന്നു. കർത്താവിന് എങ്ങനെ നമ്മുടെ ജീവനുള്ള വെള്ളമായിരിക്കുവാൻ കഴിയും? കർത്താവ് തേജസ്കരിക്കപ്പെട്ടതിനു ശേഷം ജീവൻ നൽകുന്ന ആത്മാവ് ജീവനുള്ള വെള്ളം ആയിത്തീർന്നു എന്ന് യോഹന്നാൻ 7 വ്യക്തമായി നമ്മോട് പറയുന്നു. കർത്താവിന്റെ തേജസ്കരണത്തിന്റെ അർത്ഥം എന്താണ്? കർത്താവ് ക്രൂശിൽ മരിക്കുകയും ഉയിർക്കുകയും വേണമായിരുന്നു എന്നു മാത്രമാണ് ഇതിന്റെ അർത്ഥം. കർത്താവ് പുനരുത്ഥാനത്തിൽ നമ്മുടെ ദാഹം ശമിപ്പിക്കുന്ന ജീവനുള്ള വെള്ളമായിത്തീർന്നിരിക്കുന്നു.

പാപിയായ സ്ത്രീയുടെ കാര്യത്തിൽ, പാപത്തിന്റെ ബന്ധനത്തിൽ നിന്നും അടിമത്തത്തിൽനിന്നും കർത്താവ് അവളെ സ്വതന്ത്രയാക്കി. പാപികൾക്കായി ജീവനുള്ള, മഹാനാകുന്ന ഞാനാകുന്നവൻ ആയിരിക്കുവാൻ കർത്താവ് മരിച്ചു. കർത്താവ്, പുനരുത്ഥാനത്തിലുള്ള തന്റെ ജീവനാൽ നമ്മെ ബലപ്പെടുത്തുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്യുന്നു. അത് നമ്മെ പാപത്തിന്റെ ബന്ധനത്തിൽനിന്ന് സ്വതന്ത്രരാക്കുന്നു. പുനരുത്ഥാനത്തിലുള്ള അവന്റെ ജീവൻ ഇല്ലാതെ, നമുക്കൊരിക്കലും പാപത്തിന്റെ അടിമത്തത്തിൽനിന്ന് സ്വതന്ത്രരാകുവാൻ കഴിയുകയില്ല.

അന്ധനായി ജനിച്ച മനുഷ്യന്റെ കാര്യവും പുനരുത്ഥാനത്തിലുള്ള ജീവന്റെ തത്ത്വം വെളിപ്പെടുത്തുന്നു. അവന് കാഴ്ചയും ജീവന്റെ വെളിച്ചവും നൽകുവാൻ കർത്താവിന് എങ്ങനെ കഴിഞ്ഞു? ഒമ്പതാം അദ്ധ്യാ

യത്തിലെ കാര്യത്തിന്റെ തുടർച്ചയായ പത്താം അദ്ധ്യായം നല്ല ഇടയനെന്ന നിലയിൽ കർത്താവിന് തന്റെ ആടുകൾക്ക് തന്റെ ദിവ്യജീവൻ നൽകുവാൻ മരിക്കേണ്ടിവന്നു എന്ന് പറയുന്നു. കർത്താവ് മരിച്ച് ആത്മാവിൽ പുനരുത്ഥാന ജീവനാകണമായിരുന്നു. ഇപ്പോൾ അവൻ നമ്മിലേക്ക് പുനരുത്ഥാനത്തിലുള്ള ജീവന്റെ അടിസ്ഥാനത്തിൽ വരുന്നു.

തീർച്ചയായും, ലാസറിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചതായ അവസാന സംഭവം പുനരുത്ഥാനത്തിന്റെ മണ്ഡലത്തിൽ ക്രിസ്തു ജീവനാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്നത് തികച്ചും സ്പഷ്ടമാണ്. ഒന്നാമത്തെ അടയാളവും, രണ്ടാമത്തെ അടയാളവും, ഇപ്പോൾ അവസാനത്തെ സംഭവവും, യോഹന്നാന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യവും തത്ത്വവും വെളിപ്പെടുത്തുന്നു: മരിച്ചവരുടെ പുനരുത്ഥാനത്തിലൂടെയുള്ള ജീവൻ.

ലാസറിന്റെ രോഗവിവരം ലഭിച്ച ഉടൻതന്നെ പോകുന്നതിനു പകരം, കർത്താവ് രണ്ടു ദിവസം കാത്തുനിന്നത് എന്തിനായിരുന്നു? കൃത്യമായി പറഞ്ഞാൽ, കർത്താവ് ജനത്തെ സൗഖ്യമാക്കുക മാത്രമല്ല, അവരെ ജീവിപ്പിക്കുവാനും ആഗ്രഹിക്കുന്നു എന്നതുകൊണ്ട്, അവൻ രണ്ടുദിവസം കാത്തിരുന്നു. കർത്താവ് നമ്മുടെ ധാരണയനുസരിച്ച് ഒരിക്കലും സൗഖ്യമാക്കുന്നില്ല; അവൻ സൗഖ്യമാക്കുന്നത് ജീവൻ പകരുന്നതിലൂടെയാണ്. മുപ്പത്തെട്ട് വർഷമായി രോഗിയായിരുന്ന തളർന്ന മനുഷ്യനെ സംബന്ധിച്ച അഞ്ചാമത്തെ അദ്ധ്യായത്തിൽ "രോഗസൗഖ്യം"എന്ന പദം നിങ്ങൾക്ക് കണ്ടെത്താനാകുമോ? കർത്താവിന്റെ കണ്ണുകളിൽ വാസ്തവത്തിൽ ആ മനുഷ്യൻ രോഗിയായിരുന്നുവോ? അല്ല, കർത്താവിന്റെ ദൃഷ്ടിയിൽ ആ മനുഷ്യൻ മരിച്ചവനായിരുന്നു. കർത്താവ് അവന്റെ രോഗം സൗഖ്യമാക്കിയില്ല; അവൻ മരിച്ചുപോയ ആ മനുഷ്യനെ ജീവിപ്പിച്ചു. അതുകൊണ്ട്, കർത്താവ് എല്ലായ്പ്പോഴും മരിച്ചവരെ ജീവിപ്പിക്കുന്നു എന്നതാണ് പുനരുത്ഥാനത്തിലൂടെയുള്ള ജീവന്റെ തത്ത്വം.

കർത്താവ് നിങ്ങളെ സൗഖ്യമാക്കുവാൻ ആഗ്രഹിക്കുന്നു എന്ന് നിങ്ങൾ കരുതുന്നുവോ? കർത്താവ് നിങ്ങളെ ജീവിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. പഴയ ധാരണയനുസരിച്ച്, രോഗസൗഖ്യം എന്നാൽ നിങ്ങളെ നവീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ആണ്. എന്നാൽ കർത്താവ് ഒരിക്കലും നിങ്ങളെ മെച്ചപ്പെടുത്തുവാനോ നിങ്ങളുടെ പെരുമാറ്റം നിയന്ത്രിക്കുവാനോ വരുന്നില്ല. അവൻ എപ്പോഴും നിങ്ങളെ ജീവിപ്പിക്കുവാൻ വരുന്നു. കർത്താവിന്റെ ഒരേയൊരു ഉദ്ദേശ്യം ചൈതന്യവത്ക്കരിക്കുന്ന ജീവനായി അവനെത്തന്നെ നിങ്ങളിലേക്ക് പകരുക എന്നതാണ്.

ഇക്കാരണത്താൽ ലാസറിന്റെ രോഗം നീക്കി അവനെ സുഖപ്പെടുത്തുവാനായി, പെട്ടെന്ന് പോകുവാൻ കർത്താവ് വിസമ്മതിച്ചു. ലാസർ പൂർണ്ണമായി മരിക്കുകയും അടക്കപ്പെടുകയും ചെയ്യുന്നതു വരെ അവൻ കാത്തിരുന്നു. ലാസറിന്റെ മാനുഷികജീവൻ അശേഷം അവസാനിക്കുന്നതുവരെ അവൻ കാത്തിരുന്നു. കല്ലറയിൽ നാറ്റം വയ്ക്കുന്നവിധം ലാസർ അശേഷം മരിച്ചിരുന്നു. ആ സമയത്തായിരുന്നു കർത്താവ് വന്നത്. രോഗസൗഖ്യത്തിന്റെ തത്ത്വത്തിൽ വരുവാൻ മനസ്സില്ലാതിരുന്നതുകൊണ്ട്, അവൻ ആ സമയത്തിനു മുമ്പ് വന്നില്ല. പുനരുത്ഥാനത്തിലുള്ള ജീവന്റെ തത്ത്വത്തിൽ മാത്രം അവൻ വന്നു.

തനിക്ക് ദ്വേഷ്യസ്വഭാവം ഉണ്ട് എന്നു കണ്ടെത്തിയ മതാനുസാരിയായ ഒരു സഹോദരനെ സംബന്ധിച്ച ദൃഷ്ടാന്തം പരിഗണിക്കുക. ദ്വേഷ്യസ്വഭാവം എന്ന രോഗം അവനുണ്ടെന്ന് നമുക്ക് പറയാം. രക്ഷിക്കപ്പെട്ടതിനു ശേഷം, താൻ തികച്ചും കുസൃതിക്കാരനാണെന്ന് കണ്ടെത്തിയ ഒരു കൊച്ചുകുട്ടിയുടെ കാര്യവും പരിഗണിക്കുക. അവനും രോഗിയായ ഒരു വ്യക്തിയാണ്; അവന് കുസൃതി നിറഞ്ഞ പെരുമാറ്റം എന്ന രോഗമുണ്ട്. മറ്റൊരു വിശ്വാസി വളരെയധികം തമാശ പറയുന്നവനും അങ്ങനെ അവന് തമാശപറച്ചിൽ എന്ന രോഗവും ഉണ്ട്. ഈ രോഗികളെല്ലാം, തങ്ങളുടെ രോഗം കണ്ടെത്തിക്കഴിഞ്ഞ് തങ്ങളുടെ രോഗവിവരം കർത്താവിനെ അറിയിക്കുന്നു. ലാസർ രോഗിയാണെന്ന് പറഞ്ഞ മാർത്തയെപ്പോലെതന്നെ, അവരും ദ്വേഷ്യസ്വഭാവം അഥവാ മോശമായ പെരുമാറ്റം അഥവാ തമാശപറച്ചിൽ മൂലം രോഗികളാണെന്ന് പറയുന്നു. തങ്ങളുടെ മാനസികനില മെച്ചപ്പെടുത്തി നല്ല മാനസികാവസ്ഥയാക്കിയും തങ്ങളുടെ മോശമായ പെരുമാറ്റം നന്നാക്കി നല്ല പെരുമാറ്റമാക്കിയും തങ്ങളുടെ തമാശപറച്ചിൽ ക്രമപ്പെടുത്തിയും തങ്ങളെ കർത്താവ് സൗഖ്യമാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. തന്റെ തമാശപറച്ചിൽ ക്രമപ്പെട്ട് കിട്ടുവാൻ ആഗ്രഹിക്കുന്ന സഹോദരൻ "കർത്താവേ, എന്റെ നാവിനെ സൂക്ഷിക്കണമേ!" എന്ന് പ്രാർത്ഥിക്കുന്നു, അതായത് ഈ ആളുകൾ രോഗികളും കർത്താവിനോട് തങ്ങളെ സൗഖ്യമാക്കുവാൻ ആവശ്യപ്പെടുന്നവരും ആണ്. എന്നാൽ കർത്താവ് ഒരിക്കലും നിങ്ങളെ സുഖപ്പെടുത്തുവാൻ വരുകയില്ല. മാനസികനിലയുടെ സൗഖ്യത്തിനായി നിങ്ങൾ പ്രാർത്ഥിക്കുന്തോറും, നിങ്ങളുടെ മാനസികനില കൂടുതൽ മോശമാകും. കർത്താവ് ഒരിക്കലും സുഖപ്പെടുത്തുവാൻ വരാതെ, നിങ്ങൾ മരിക്കുന്നതു വരെ അവൻ കാത്ത്...കാത്ത്... ഇരിക്കുന്നു. രോഗസൗഖ്യത്തിനായുള്ള നിങ്ങളുടെ പ്രാർത്ഥനയ്ക്ക് അവൻ മറുപടി നൽകുകയില്ല, എന്നാൽ നിങ്ങളുടെ രോഗം മരണമായിത്തീരുന്നതുവരെ അവൻ കാത്തിരിക്കും. നിങ്ങൾ രോഗി മാത്രമല്ല മരിച്ചവനും ആണെന്ന് നിങ്ങൾ ഗ്രഹിക്കുന്നതു വരെ അവൻ കാത്തിരിക്കും. നിങ്ങളുടേത് ആശയറ്റ സംഗതിയാണെന്ന് നിങ്ങൾ അവനോട് പറയുന്നതുവരെ, നിങ്ങളെക്കുറിച്ചുള്ള ആശകളെല്ലാം

നിങ്ങൾ ഉപേക്ഷിക്കുന്നതുവരെ, കർത്താവ് കാത്തിരിക്കും.

നിങ്ങൾ ഇപ്പോഴും കുറച്ച് അഭിവൃദ്ധി പ്രതീക്ഷിക്കുന്നുവോ? നിങ്ങളെക്കുറിച്ച് നിങ്ങൾ യഥാർത്ഥത്തിൽ നിരാശനാണോ? നിങ്ങളെക്കുറിച്ചുതന്നെ കുറെ പ്രതീക്ഷ ഇപ്പോഴും നിങ്ങളിൽ ഓരോരുത്തനും ഉണ്ട് എന്ന ആശങ്ക എനിക്കുണ്ട്. പലപ്പോഴും നിങ്ങൾ മാർത്തയെയും ലാസറിനെയും പോലെയാണ്. ഒരുവശത്ത്, നിങ്ങൾ രോഗിയായ ലാസറാണ്; മറുവശത്ത്, കർത്താവിന് അറിവുകൊടുക്കുന്ന മാർത്തയാണ് നിങ്ങൾ. അവൻ വന്ന് നിങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് നിങ്ങൾ നിങ്ങളുടെ രോഗവിവരം കർത്താവിനെ അറിയിക്കുന്നു. എന്നാൽ കർത്താവ് ഒരിക്കലും ഇത്തരത്തിലുള്ള പ്രാർത്ഥനയ്ക്ക് മറുപടി നൽകുവാൻ വരുകയില്ലെന്ന് നമുക്കെല്ലാവർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. മെച്ചപ്പെടുത്തലിനായി നിങ്ങൾ അന്വേഷിക്കുന്തോറും അവൻ അകന്നുനിൽക്കും.

നിങ്ങളുടേത് തികച്ചും ആശയറ്റ ഒരു സംഗതിയാണെന്ന് ഒടുവിൽ ഒരു ദിവസം നിങ്ങൾ തിരിച്ചറിയും. മരണജലമല്ലാതെ യാതൊന്നും ഉൾക്കൊള്ളാത്ത ഒരു പാത്രമാണ് നിങ്ങളെന്ന് നിങ്ങൾ കണ്ടെത്തും. എല്ലാം മരണംകൊണ്ട് നിറഞ്ഞിരിക്കുന്നു; ജീവിക്കുന്നതായി യാതൊന്നുമില്ല. നിങ്ങൾ മരണജലത്താൽ നിറഞ്ഞ ആ ആറ് കല്പാത്രങ്ങളിൽ ഒന്നുമാത്രമാണ്. നിങ്ങൾ തികച്ചും മരണത്തിലാണെന്ന്, മരണത്തിന്റെ ജലമല്ലാതെ യാതൊന്നും നിങ്ങളിലില്ലെന്ന് നിങ്ങൾ തിരിച്ചറിയുമ്പോൾ കർത്താവ് വരുകയും നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും. നന്നാകുവാനും നമ്മെത്തന്നെ മെച്ചപ്പെടുത്തുവാനും എപ്പോഴെല്ലാം നാം ശ്രമിക്കുന്നു! എന്നാൽ നിങ്ങൾ നാറ്റം വയ്ക്കുകയും ദുഷിച്ച ഗന്ധം മറ്റുള്ളവരിലേക്ക് വ്യാപിപ്പിക്കുകപോലും ചെയ്യുന്നതുവരെ, കർത്താവ് കാത്തുനിൽക്കും. മറ്റുള്ളവർ നിങ്ങളുടെ ദുർഗന്ധം മണക്കുന്നതുവരെ, കർത്താവ് കാത്തിരിക്കും. അപ്പോൾ അവൻ പുനരുത്ഥാനത്തിലുള്ള ജീവന്റെ തത്ത്വത്തിൽ നിങ്ങളുടെ അടുത്ത്, നിങ്ങളെ ജീവിപ്പിക്കുവാൻ വരും.

ഈ തത്ത്വത്തിന് എതിരായാണ് ക്രിസ്തുമതം പ്രവർത്തിക്കുന്നത്, കാരണം അത് ജനത്തെ മെച്ചപ്പെടുത്തുവാനും അവരെ നവീകരിക്കുവാനും അവരുടെ സ്വഭാവം ക്രമപ്പെടുത്തുവാനും ശ്രമിക്കുന്ന ഒരു മതമാണ്. എന്നാൽ ക്രിസ്തു ജീവനാണ്; അവൻ ആ ജീവനാൽ ജനത്തെ ജീവിപ്പിക്കുവാനായി വരുന്നു. ജീവൻ എന്ന നിലയിൽ തന്നെക്കൊണ്ടുതന്നെ അവരെ വീണ്ടുംജനിപ്പിക്കുവാനും ഉയിർപ്പിക്കുവാനും അവൻ വരുന്നു. ഒരാളുടെ സ്വഭാവം മെച്ചപ്പെടുത്തുക, നവീകരിക്കുക അല്ലെങ്കിൽ ക്രമപ്പെടുത്തുക, എന്നതിന്റെ അർത്ഥം എന്താണ്? കേവലം, ജന്മനാലുള്ള സ്വയംകൊണ്ട് ജന്മനാലുള്ള മനുഷ്യനെ മെച്ചപ്പെടുത്തുക എന്നു മാത്രമാണ് ഇതിന്റെ അർത്ഥം. കർത്താവ് ജന്മനാലുള്ള മനുഷ്യനെ സൗഖ്യമാക്കുകയില്ല; ജന്മനാലുള്ള മനുഷ്യൻ മരി

ക്കുന്നതുവരെ അവൻ കാത്തിരിക്കും. അതുകൊണ്ട് നിങ്ങൾ മരണ ജലത്താൽ നിറഞ്ഞ്, മരണഗന്ധത്താൽ അഴുകി നാറുമ്പോൾ, നിങ്ങളെ പുനഃസൃഷ്ടിക്കുവാനും ആ മരണത്തിൽനിന്ന് പുനരുത്ഥാനത്തിൽ ജീവനായ അവനിലേക്കുതന്നെ ഉയിർപ്പിക്കുവാനും കർത്താവ് വരും.

യോഹന്നാന്റെ സുവിശേഷത്തിന്റെ തത്ത്വം പുനരുത്ഥാനത്തിൽ ജീവനായ ക്രിസ്തു എന്നതാണ്. ഈ സുവിശേഷത്തിന്റെ ഉദ്ദേശ്യം നമ്മുടെ സ്വഭാവം ക്രമപ്പെടുത്തിക്കൊണ്ട് നമ്മെ മെച്ചപ്പെടുത്തുകയോ നവീകരിക്കുകയോ ചെയ്യുക എന്നതല്ല. നമ്മിലേക്ക് ജീവൻ കൊണ്ടുവരുക എന്നത് മാത്രമാണ് കർത്താവിന്റെ ഉദ്ദേശ്യം. ഈ ജീവൻ നമ്മെ ജീവിപ്പിക്കുകയും വീണ്ടുംജനിപ്പിക്കുകയും ഉയിർപ്പിക്കുകയും വീണ്ടും സൃഷ്ടിക്കുകയും ചെയ്യും. ഈ സുവിശേഷത്തിന്റെ തത്ത്വം മുഴുവൻ നമുക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞാൽ, നമ്മുടെ ദാഹം ശമിക്കുകയും നമ്മുടെ വിശപ്പ് തീരുകയും നമ്മുടെ ഇരുട്ട് വെളിച്ചമാകുകയും നമ്മുടെ പാപബന്ധനം തകരുകയും നമ്മുടെ മരണത്തെ പുനരുത്ഥാനം വിഴുങ്ങുകയും ചെയ്യും–എല്ലാം ആത്മാവിലും വചനത്തിലൂടെയും നമ്മുടെ പുനരുത്ഥാനജീവനായി ക്രിസ്തുവിനെ അനുഭവിക്കുന്നതിനാൽ. നമുക്കൊരിക്കലും ജീവിക്കുന്ന ക്രിസ്തുവിനെ നമ്മുടേതായ എന്തെങ്കിലുംകൊണ്ടോ അല്ലെങ്കിൽ നമ്മുടെ ഏതെങ്കിലും ചെയ്തിയാലോ, അനുഭവമാക്കുവാൻ കഴിയുകയില്ല. ആത്മാവിലും വചനത്തിലൂടെയും മാത്രമേ ജീവിക്കുന്ന ക്രിസ്തുവിനെ അനുഭവമാക്കുവാൻ കഴിയുകയുള്ളൂ. ആത്മാവും വചനവും നമ്മെ പുനരുത്ഥാനത്തിലുള്ള ജീവന്റെ തത്ത്വത്തിലേക്ക് കൊണ്ടുവരും. നാം അവനെ ആത്മാവിലും വചനത്തിലൂടെയും സ്വീകരിക്കുമ്പോൾ, നാം സംതൃപ്തരാകുകയും പ്രകാശിതരാകുകയും സ്വതന്ത്രരാകുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യും. നാം മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെടുമ്പോൾ, മരണത്തിന്റേതായ എല്ലാ ഭാവങ്ങളിൽനിന്നും നാം വിടുവിക്കപ്പെടുന്നു. നാം പുനരുത്ഥാനത്തിൽ ജീവിക്കുന്നതുകൊണ്ട്, ഒന്നിനും നമ്മെ അടക്കി വയ്ക്കുവാനും പരിമിതപ്പെടുത്തുവാനും തടവിലാക്കുവാനും കഴിയുകയില്ല.

## IV. മതത്തിന്റെ ഗൂഢാലോചനയും ദൈവമക്കളുടെ സമാഗമനവും

കർത്താവ് മരിച്ചവനെ ഉയിർപ്പിച്ചത് അവനെ ഹൃദയപൂർവ്വം സ്നേഹിച്ചവരുടെ ഇടയിൽവച്ചു മാത്രമായിരുന്നു. ഇത് ഇന്നത്തെ അവന്റെ സഭയ്ക്ക് ഒരു മുൻകുറിയാണ്. കാരണം അവൻ പുനരുത്ഥാനജീവൻ ആയിരിക്കുന്നത്, അവനെ അങ്ങേയറ്റം സ്നേഹിക്കുന്ന വിശ്വാസികളുടെ കൂട്ടത്തിനു മാത്രമാണ്. എന്നാലും, യെഹൂദമതം പോലുള്ള മതഭക്തരുടെ സംഘങ്ങൾക്ക്, അവന്റെ പുനരുത്ഥാനശക്തിയെ സംബന്ധിച്ച അറിവ് ലഭിക്കുമ്പോൾ, അത് പ്രത്യാഘാതത്തിന് ഇടയാക്കുന്നു. മതഭക്തരുടെ സംഘങ്ങൾ വെറുതെ കർത്താ

വിനോട് ദ്വേഷ്യപ്പെടുകയും അവനെ ബന്ധിക്കുവാനും കൊല്ലുവാനും തീരുമാനിക്കുകയും ചെയ്യും. ഇന്നത്തെ ക്രിസ്തീയമതം പോലും, മറ്റുള്ളവർക്ക് പുനരുത്ഥാന ജീവനായിരിക്കുവാനുള്ള കർത്താവിന്റെ താല്പര്യത്തിന് വളരെ എതിരാണ് എന്ന്, പതിനൊന്നാം അദ്ധ്യായ ത്തിലെ യെഹൂദമതം പരോക്ഷമായി സൂചിപ്പിക്കുന്നു. പല കാര്യങ്ങ ളിലും, ക്രിസ്തീയമതം ജീവനായ കർത്താവിനെ പുറത്താക്കിയിരി ക്കുന്നു. ഈ അവസാന നാളുകളിൽ, കർത്താവിനെ അരുമയായി സ്നേഹിക്കുന്നവരുടെ കൂട്ടങ്ങളോടൊപ്പമാണ് അവൻ കൂടുതലായു ള്ളത്. അതിന്റെ ഫലമായി, മരണത്തിൽനിന്ന് ജനത്തെ ഉയിർപ്പിക്കു വാൻ അവൻ അനേക കാര്യങ്ങൾ ചെയ്യും. എന്നാൽ ഈ വിവരം മതഭക്തരുടെ സംഘങ്ങളിലേക്ക് പ്രചരിക്കുകയും അവർ ദ്വേഷ്യ പ്പെടുകയും പുനരുത്ഥാനജീവനായ കർത്താവിന് എതിരാവുകയും ചെയ്യും.

ലാസറിന്റെ ഉയിർപ്പിന്റെ സമയവും പെസഹായുടെ സമയവും ഒരുമിച്ച് വന്നത് ശ്രദ്ധേയമാണ്. തിരുവെഴുത്തുകളിൻപ്രകാരം ക്രിസ്തു നമ്മുടെ പെസഹ ആണെന്ന് നമുക്കറിയാം(1 കൊരി.5:7), എന്നാൽ ആ മതാനുസാരികളായ കൂട്ടർ മറ്റൊരു പെസഹ ആചരിക്കുവാൻ പോകുകയായിരുന്നു. തങ്ങളുടെ പെസഹ ആചരിക്കുന്നതുവഴി മതാ നുസാരികൾ പെസഹായുടെ യാഥാർത്ഥ്യത്തെ കൊന്നുകളഞ്ഞു. അതായത്, യഥാർത്ഥ പെസഹ എന്ന നിലയിൽ ക്രിസ്തുവായിരു ന്നു പെസഹായുടെ യാഥാർത്ഥ്യം. ഒരുവശത്ത്, മതാനുസാരികൾ പെസഹ ആചരിക്കുവാൻ ആഗ്രഹിച്ചു; മറുവശത്ത് പെസഹായുടെ യാഥാർത്ഥ്യത്തെ ഇല്ലാതാക്കുവാൻ അവർ ആഗ്രഹിച്ചു. ഇന്ന്, ക്രിസ്തുമതത്തിൽ തത്ത്വം കൃത്യമായും ഇതുതന്നെയാണ്. ക്രിസ്തുമതത്തിന് ക്രിസ്തുവിനെ സംബന്ധിച്ച ധാരാളം കാര്യങ്ങ ളുണ്ടെങ്കിലും അത് ക്രിസ്തുവിന്റെ യാഥാർത്ഥ്യത്തെ മാറ്റിനിർത്തു ന്നു. ഒരുവശത്ത്, അത് ക്രിസ്തുവിനെ പ്രസംഗിക്കുന്നു, എന്നാൽ മറുവശത്ത് ക്രിസ്തുവിന്റെ യാഥാർത്ഥ്യത്തെ നശിപ്പിക്കുന്നു.

### A. മതത്തിന്റെ ഗൂഢാലോചന ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നു

ദൈവം സജ്ജീകരിച്ച മരണസാഹചര്യം ക്രിസ്തുവിനെ, തന്റെ പുനരുത്ഥാനശക്തി വെളിപ്പെടുത്തുവാനും, ഈ പുനരുത്ഥാനശക്തി യുടെ ഫലമായി മരിച്ചവനെ ഉയർപ്പിക്കുവാനും, പ്രാപ്തനാക്കി എന്നു നാം കണ്ടു. എന്നാൽ ലാസറിനെ ഉയിർപ്പിച്ചത്, കുറെ കുഴപ്പത്തിന് ഇടയാക്കി. ഇതിനെക്കുറിച്ചുള്ള വാർത്ത പരീശന്മാരുടെ അടുത്തേക്ക് വ്യാപിക്കുകയും അത് കേട്ട പരീശന്മാർ സാഹചര്യം വളരെ ഗൗരവ മുള്ളതായി കണക്കാക്കുകയും ചെയ്തു. അങ്ങനെ അവർ യേശു വിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തി(11:45-47). പരീശന്മാർ കർത്താവായ യേശുവിന് എതിരായി ഗൂഢാലോചന നടത്തുമ്പോൾ,

ആ വർഷത്തെ മഹാപുരോഹിതനായിരുന്ന കയ്യാഫാവ് പ്രവചനാത്മകമായി,“നിങ്ങൾ ഒന്നും അറിയുന്നില്ല; ജനം മുഴുവനും നശിച്ചുപോകാത്തവിധം ഒരു മനുഷ്യൻ ജനത്തിനുവേണ്ടി മരിക്കുന്നതാണ് നല്ലത് എന്നു നിങ്ങൾ ചിന്തിക്കുന്നുമില്ല”എന്നു പറഞ്ഞു(11:49-50). “അവൻ ഇത് സ്വയമായി പറഞ്ഞതല്ല, താൻ ആ സംവത്സരത്തെ മഹാപുരോഹിതനാകയാൽ ജനത്തിനുവേണ്ടി യേശു മരിക്കുവാൻ ഇരിക്കുന്നു എന്നു പ്രവചിച്ചതായിരുന്നു. ജനത്തിനുവേണ്ടി മാത്രമല്ല, ചിതറിയിരിക്കുന്ന ദൈവമക്കളെ ഒന്നായിട്ടു ചേർക്കേണ്ടതിനും തന്നെ”എന്ന് അടുത്ത വാക്യം പറയുന്നു(11:51-52). ഇവിടെ പരാമർശിച്ചിരിക്കുന്ന“ദൈവമക്കളെ ഒന്നായിട്ട് ചേർക്കേണ്ടതിന്”എന്ന ശൈലി കർത്താവിന്റെ മരണം മാത്രമല്ല എന്നാൽ പുനരുത്ഥാനജീവനും ദൈവമക്കളുടെ കെട്ടുപണിക്കുവേണ്ടിയാണെന്ന് പരോക്ഷമായി സൂചിപ്പിക്കുന്നു. ഇതെല്ലാം എന്താണ് അർത്ഥമാക്കുന്നത്? പുനരുത്ഥാനജീവൻ ഒരു സാഹചര്യം ഒരുക്കുകയും അതിലൂടെ ദൈവത്തിന്റെ ചിതറിപ്പോയ ജനം ഭൂമിയിലെ ദൈവത്തിന്റെ നിവാസത്തിനുവേണ്ടി കെട്ടുപണി ചെയ്യപ്പെടുവാൻ ഒന്നിച്ചു ചേർക്കപ്പെടുകയും ചെയ്യും എന്നാണ് ഇതിന്റെ ലളിതമായ അർത്ഥം. മതത്തിന്റെ ഗൂഢാലോചന ദൈവോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തെ സഹായിക്കുന്നു.

## B. ദൈവമക്കളുടെ സമാഗമനം കർത്താവിന്റെ മരണത്തിലൂടെയും പുനരുത്ഥാനജീവനിലൂടെയും

പുനരുത്ഥാനജീവന് വെളിപ്പെടുവാനുള്ള ഒരു അവസരമായി ദൈവം സജ്ജീകരിച്ചതായിരുന്നു ലാസറിന്റെ മരണം എന്ന് ഒരിക്കൽകൂടി ഞാൻ പറയുന്നു. പുനരുത്ഥാനജീവനും ശക്തിയും ആവിഷ്കരിക്കപ്പെടേണ്ടതിന് പുനരുത്ഥാനജീവന് മരണം ആവശ്യമാണ്. പുനരുത്ഥാനശക്തിയുടെ ഈ ആവിഷ്ക്കരണം എതിരാളികൾക്കിടയിൽ പ്രതികരണത്തിന് കാരണമാവുകയും തുടർന്ന് അവർ കർത്താവായ യേശുവിനെ കൊല്ലുവാൻ ഗൂഢാലോചന നടത്തുകയും ചെയ്തു. അവരുടെ പര്യാലോചനയുടെ ഭാഗമായി ഒരു പ്രവചനം ഉച്ചരിക്കപ്പെട്ടു. എതിർക്കുന്ന മതത്തിലെ ഗൂഢാലോചന വാസ്തവത്തിൽ ദൈവോദ്ദേശ്യത്തിന്റെ നിറവേറലിനെ സഹായിക്കുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ഇത്, ചിതറിപ്പോയ ദൈവത്തിന്റെ ജനത്തെ ദൈവത്തിന്റെ കെട്ടുപണിക്കായി കൂട്ടിച്ചേർക്കുന്നതിനെ സഹായിക്കുന്നു. അതുകൊണ്ട്, നിങ്ങളുടെ സ്ഥലംസഭയിലെ സാഹചര്യം കൊണ്ട് ഒരിക്കലും നിരാശരാകരുത്. നിങ്ങളുടെ സഭയിൽ പ്രയാസമുള്ള ഒരു സാഹചര്യമുണ്ടെങ്കിൽ അതിനായി ദൈവത്തെ സ്തുതിക്കുക. അത് അവന്റെ ഏർപ്പാടുതന്നെയായിരിക്കും. അവൻ ചിലത് ചെയ്യുകയും പിന്നെ മതത്തിന്റെ എതിർപ്പ് ഇളക്കപ്പെടുകയും ചെയ്യും. എതിരാളികൾ നിങ്ങളെ കൊല്ലുവാൻപോലും ശ്രമിക്കും. എന്നാൽ അസ്വസ്ഥരാകരുത്. ആ ഗൂഢാലോചനയെത്തന്നെ, ചിതറിപ്പോയ

തന്റെ ജനത്തെ തന്റെ കെട്ടുപണിക്കുവേണ്ടി ഒരുമിച്ച് ചേർക്കുവാൻ ദൈവം ഉപയോഗിക്കും.

നാം കർത്താവിന്റെ പ്രത്യുദ്ധാരത്തിലായിരിക്കുകയും നമുക്ക് ക്രിസ്തുവിന്റെ പുനരുത്ഥാനം ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്തോളം, നമ്മുടെ ഇടയിലുള്ള സാഹചര്യമോ, നമുക്കെതിരെ ചുറ്റുപാടിലുള്ള ഗൂഢാലോചനയോ എന്തുതന്നെയായാലും ഒടുവിൽ ദൈവത്തിന്റെ നിത്യനിർണയം നിറവേറും എന്ന സത്യം നിങ്ങളെ ഉത്ബോധിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി ചിതറിപ്പോയ ദൈവജനം കൂട്ടിച്ചേർക്കപ്പെടും. എല്ലാ പ്രതിലോമകാര്യങ്ങളും-മരണവും എതിർപ്പും- ദൈവത്തിന്റെ നിത്യനിർണയത്തിന്റെ ദാസന്മാരാകും. ദൈവത്തിന്റെ നിർണയത്തിന്റെ പൂർത്തീകരണത്തെ, നിർവ്വഹണത്തെ അവ പോഷിപ്പിക്കും. നാം മലമുകളിലും പ്രളയജലം നമ്മുടെ കാൽക്കീഴിലും ആണ്. വിഷമിക്കരുത്. സ്ഥലം സഭയിലായിരിക്കുകയും, പുനരുത്ഥാനശക്തിയായി നിങ്ങൾക്ക് ക്രിസ്തു ഉണ്ടായിരിക്കുകയും, നിങ്ങൾ ഈ ഒഴുക്കിലായിരിക്കുകയും, ഈ സാക്ഷ്യം നിങ്ങൾക്ക് ഉണ്ടായിരിക്കുകയും ചെയ്യുന്നിടത്തോളം, അകമേയുള്ള മരണസാഹചര്യമോ പുറമേയുള്ള എതിർപ്പോ എന്തുതന്നെയായാലും, നിങ്ങൾ സമാധാനത്തിലായിരിക്കും. മതത്തിന്റെ എതിർപ്പ്, നിങ്ങളെ കൊല്ലുവാനോ ഇല്ലാതാക്കുവാനോ ഉള്ള ഗൂഢാലോചന, ദൈവത്തിന്റെ നിത്യനിർണയം നിറവേറ്റും.

ഇതാണ് ഈ അദ്ധ്യായത്തിലെ വെളിപ്പാട്. യോഹന്നാൻ 11, പുനരുത്ഥാനത്തിന്റെ കഥ മാത്രമല്ല. നാം ദൈവത്തിന്റെ ഉദ്ദേശ്യത്തിനുവേണ്ടി കർത്താവിനോടും പുനരുത്ഥാനജീവനോടും ഒപ്പമായിരിക്കുന്നിടത്തോളം, സംഭവിക്കുന്നതെല്ലാം അവന്റെ നിർണയനിവൃത്തിക്കുവേണ്ടി ആയിരിക്കും. അതുകൊണ്ട് നമുക്ക് പറയാം,"കർത്താവേ, ഒരു മരണസാഹചര്യം ഞങ്ങൾക്ക് തരണമെന്ന് നീ ആഗ്രഹിക്കുന്നുവെങ്കിൽ, ദയവായി അത് ചെയ്യുക. ഞങ്ങൾ അതിൽ സന്തുഷ്ടരാണ്. ചില ലാസർ സഹോദരന്മാർ മരിക്കട്ടെ. അപ്പോൾ നിന്റെ പുനരുത്ഥാനശക്തി വെളിപ്പെടും. നീ പുനരുത്ഥാനത്തിൽ ഒരു പ്രവൃത്തി ചെയ്യുകയും, അത് എതിർപ്പിനെ ഉണർത്തുകയും ആ എതിർപ്പ് ചിതറിപ്പോയ ദൈവമക്കളെ ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടി കൂട്ടിച്ചേർക്കുകയും ചെയ്യും." ഈ കാര്യങ്ങൾ ഈ രാജ്യത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു. കർത്താവിന് സ്തോത്രം! തന്റെ പുനരുത്ഥാനശക്തിക്കായി അവനെ സ്തുതിക്കുക. തന്റെ പരമാധികാരമുള്ള കൂട്ടിച്ചേർക്കലിനായി കർത്താവിനെ സ്തുതിക്കുക. അവൻ മരിച്ചവരെ ഉയിർപ്പിക്കുകയും തന്റെ അത്ഭുതകരമായ കെട്ടുപണിക്കുവേണ്ടി തന്റെ ജനത്തെ ഒരുമിച്ച് കൂട്ടിച്ചേർക്കകുയും ചെയ്യുന്നു!.